## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2801      19-06-2014 -ൽ മറുപടിക്ക്

### ഉത്തരവുകൾ ലഭിക്കുന്നതിലെ കാലതാമസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | കേരള സർക്കാർ അനുവദിക്കുന്ന ചികിത്സാസഹായങ്ങളും, കാലവർഷ കെടുതിയിൽപ്പെടുത്തി അനുവദിക്കുന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനുള്ള ഉത്തരവുകളും കാസർഗോഡ് കളക്ടറേറ്റിൽ നിന്നും ഏറെ താമസിച്ച് മാത്രം ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് 02-06-2014 വരെ കാസർഗോഡ് കളക്ടറേറ്റിൽ ലഭ്യമായ ഉത്തരവുകളിൽ ധനസഹായം വിതരണം ചെയ്യുന്നതിന് അതാത് തഹസീൽദാർമാർക്ക് നിർദ്ദേശം നൽകുകയും തുക വിതരണത്തിനായി കൈമാറുകയും ചെയ്തിട്ടുണ്ട്. അവ താലൂക്ക് ഓഫീസുകൾ വഴി വിതരണം ചെയ്തു വരുന്നു. കേരള സർക്കാർ കാലവർഷക്കെടുതിയിൽപെടുത്തി അനുവദിക്കുന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനുള്ള സർക്കാർ ഉത്തരവുകൾ യഥാസമയം ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് അടിയന്തിര നടപടികൾക്കായി അയച്ചുകൊടുക്കാറുണ്ട്. |
| ബി) | ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടി സ്വീകരിക്കാൻ ഉത്തരവുണ്ടാകുമോ? | ബി) | ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സത്വരമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു. കേരള സർക്കാർ കാലവർഷക്കെടുതിയിൽപെടുത്തി അനുവദിക്കുന്ന റോഡുകളുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിലും സത്വര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ